**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 246** — **13-07-2022 - ൽ മറുപടിയ്ക്ക്**

**പാഠ്യപദ്ധതി പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ ,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. എം.വിജിൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പാഠ്യപദ്ധതി പരിഷ്കരണം നടത്തി പതിനഞ്ച് വർഷം കഴിഞ്ഞ സാഹചര്യത്തിൽ പരിഷ്കരണം സത്വരമായി പൂർത്തിയാക്കാനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; | (എ) | കേരളത്തിലെ സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിച്ചത് 2007-ൽ ആണ്. കേരള പാഠ്യപദ്ധതി ചട്ടക്കൂട് (2007) ന്റെ അടിസ്ഥാനത്തിലായിരുന്നു പ്രസ്തുത പരിഷ്കരണം നടത്തിയത്. 2013 - ൽ രൂപീകരിച്ച നയരേഖയുടെ അടിസ്ഥാനത്തിൽ പാഠപുസ്തകങ്ങളുടെ ഉള്ളടക്കത്തിൽ ചില മാറ്റങ്ങൾ വരുത്തിയിരുന്നുവെങ്കിലും സമഗ്രമായ പാഠ്യപദ്ധതി പരിഷ്കരണം നടന്നിട്ട് 15 വർഷം പിന്നിടുകയാണ്. ആയതിനാൽ സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുവാൻ തീരുമാനിക്കുകയും പരിഷ്കരണത്തിന് നേതൃത്വം നൽകുന്നതിന് എസ്.സി.ഇ.ആർ.ടി. യെ ചുമതലപെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇക്കാലയളവിൽ ശാസ്ത്ര, സാങ്കേതികശാസ്ത്ര രംഗത്തുണ്ടായ വിപ്ലവകരമായ മാറ്റങ്ങൾ സ്വീകരിച്ചുകൊണ്ട് ലോക വൈജ്ഞാനിക വികാസത്തിനൊപ്പം പൊതുവിദ്യാഭ്യാസ മേഖലയെ ഉയർത്തുന്ന തരത്തിൽ പാഠ്യപദ്ധതി നവീകരണം സാധ്യമാക്കാൻ വേണ്ട ജാഗ്രത പുലർത്തുന്നുണ്ടോ; | (ബി) | കേരളത്തിൽ സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിച്ചിട്ട് 15 വർഷം പിന്നിടുകയാണ്. ഇക്കാലയളവിൽ ശാസ്ത്ര, സാങ്കേതിക, വൈജ്ഞാനിക രംഗത്തുണ്ടായ വിപ്ലവകരമായ മാറ്റങ്ങൾ പരിഗണിച്ചായിരിക്കും പാഠ്യപദ്ധതി നവീകരിക്കുന്നത്. |
| (സി) | പാഠ്യപദ്ധതി സംവേദന ശേഷി കൂടിയുള്ളതാക്കിത്തീർക്കുന്നതിന് വിദഗ്ധരോടൊപ്പം രക്ഷിതാക്കളുടെയും ഗുണഭോക്താക്കളായ വിദ്യാർത്ഥികളുടെയും പങ്കാളിത്തം വിഭാവനം ചെയ്തിട്ടുണ്ടോ? | (സി) | പാഠ്യപദ്ധതി രൂപീകരണ പ്രക്രിയയിൽ അക്കാദമിക വിദഗ്ധരോടൊപ്പം രക്ഷിതാക്കളുടെയും ഗുണഭോക്താക്കളായ വിദ്യാർത്ഥികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതാണ്. ഇത് പാഠ്യപദ്ധതി കൂടുതൽ സംവേദന ക്ഷമമാക്കുന്നതിന് സഹായകരമാകും . |

സെക്ഷൻ ഓഫീസർ